# 080/2026-M

| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | |
|---|---|---|---|

ചോദ്യങ്ങളുടെ ആകെ എണ്ണം : 100     സമയം : 1 മണിക്കൂർ 15 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 080/2026-M

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. ഇന്ത്യയുടെ മിസൈൽ മാൻ എന്നറിയപ്പെടുന്നത് ആരെയാണ്?
   (A) ഡോ. എ.പി.ജെ. അബ്ദുൾ കലാം
   (B) ഡോ. സി.വി. രാമൻ
   (C) ഡോ. ഹോമി ജെ. ഭാഭ
   (D) വിക്രം സാരാഭായി

2. ഇന്ത്യയുടെ ചന്ദ്രയാൻ-3 പേടകം ചന്ദ്രന്റെ ഏത് ഭാഗത്താണ് സോഫ്റ്റ് ലാന്റിംഗ് നടത്തിയത്?
   (A) ഉത്തരധ്രുവം
   (B) ദക്ഷിണധ്രുവം
   (C) കാന്തിക ദക്ഷിണധ്രുവം
   (D) കാന്തിക ഉത്തരധ്രുവം

3. ഇന്ത്യയുടെ ദേശീയഗാനമായ 'ജനഗണമന' രചിച്ചതാരാണ്?
   (A) രവീന്ദ്രനാഥ ടാഗോർ
   (B) ബങ്കിം ചന്ദ്ര ചാറ്റർജി
   (C) ശരത് ചന്ദ്ര ചട്ടോപാധ്യായ
   (D) ബങ്കിം ചന്ദ്ര ചട്ടോപാധ്യായ

4. പ്രസിദ്ധമായ സൂര്യക്ഷേത്രം സ്ഥിതിചെയ്യുന്നത് എവിടെയാണ്?
   (A) സാഞ്ചി
   (B) സാരനാഥ്
   (C) മഹാബലിപുരം
   (D) കൊണാർക്ക്

5. ഇന്ത്യയിലെ ഏറ്റവും വലിയ സാംസ്കാരിക ഉൽസവങ്ങളിൽ ഒന്നായ 'ഹോൺബിൽ' ഫെസ്റ്റിവൽ ആഘോഷിക്കുന്നത് ഏത് സംസ്ഥാനത്താണ്?
   (A) ഉത്തർപ്രദേശ്
   (B) നാഗാലാന്റ്
   (C) ബീഹാർ
   (D) ഒഡീഷ

6. ഇന്ത്യയിലെ നിലവിലെ രാഷ്ട്രപതി ആരാണ്?
   (A) ശ്രീ. രാംനാഥ് കോവിന്ദ്
   (B) ശ്രീ. പ്രണബ് മുഖർജി
   (C) ശ്രീമതി ദ്രൗപതി മുർമു
   (D) ശ്രീമതി പ്രതിഭാ പാട്ടീൽ

7. ഇന്ത്യൻ സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രിമാർ ആകാനുള്ള കുറഞ്ഞ പ്രായപരിധി എത്ര?
   (A) 18 വയസ്സ്
   (B) 20 വയസ്സ്
   (C) 30 വയസ്സ്
   (D) 25 വയസ്സ്

8. നിലവിൽ ജി.എസ്.ടി. (GST) കൗൺസിലിന്റെ അധ്യക്ഷൻ ആരാണ്?

(A) പ്രധാനമന്ത്രി (B) കേന്ദ്ര ധനകാര്യമന്ത്രി
(C) കേന്ദ്ര ആഭ്യന്തരമന്ത്രി (D) വിദേശകാര്യമന്ത്രി

9. ആദ്യമായി ജ്ഞാനപീഠ പുരസ്കാരം നേടിയ മലയാളി എഴുത്തുകാരൻ ആരാണ്?

(A) തുഞ്ചത്ത് എഴുത്തച്ഛൻ (B) വള്ളത്തോൾ നാരായണ മേനോൻ
(C) ജി. ശങ്കരക്കുറുപ്പ് (D) കുമാരനാശാൻ

10. ക്രിക്കറ്റിൽ നൂറ് അന്താരാഷ്ട്ര സെഞ്ചുറികൾ തികച്ച താരം ആരാണ്?

(A) റിക്കി പോണ്ടിംഗ് (B) സുനിൽ ഗവാസ്ക്കർ
(C) വിരാട് കോഹ്‌ലി (D) സച്ചിൻ ടെൻഡുൽക്കർ

11. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ദേശീയപാത :

(A) NH-1 (B) NH-22
(C) NH-44 (D) NH-17

12. കേരളത്തിൽ വിവിധ മേഖലകളിൽ നിക്ഷേപം ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടെ 2025 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ഉച്ചകോടിയേത്?

(A) കൊച്ചി ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ്
(B) കേരള എക്കണോമിക് ഫോറം
(C) ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്
(D) കേരള ഡെവലപ്മെന്റ് കോൺക്ലേവ്

13. നേപ്പാൾ, ഭൂട്ടാൻ, ചൈന എന്നീ അയൽരാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?

(A) അരുണാചൽ പ്രദേശ് (B) സിക്കിം
(C) വെസ്റ്റ്ബംഗാൾ (D) ഉത്തരാഖണ്ഡ്

14. വില്ലുവണ്ടി സമരത്തിനു നേതൃത്വം നൽകിയ സാമൂഹികപരിഷ്കർത്താവാര്?

(A) അയ്യങ്കാളി (B) ശ്രീനാരായണഗുരു
(C) ചട്ടമ്പിസ്വാമികൾ (D) വാഗ്ഭടാനന്ദൻ

15. ഇന്ത്യയുമായി ഏറ്റവും കുറവ് അതിർത്തി പങ്കിടുന്ന അയൽരാജ്യമേത്?

(A) ബംഗ്ലാദേശ് (B) പാക്കിസ്ഥാൻ
(C) അഫ്ഗാനിസ്ഥാൻ (D) ചൈന

16. കേരളതീരപ്രദേശത്ത് (പ്രധാനമായും ചവറ) കാണപ്പെടുന്ന ആറ്റോമിക ധാതു ഏതാണ്?

(A) യുറേനിയം
(B) റേഡിയം
(C) ലിഥിയം
(D) തോറിയം

17. ബംഗാൾ ഉൾക്കടലിനോട് ചേർന്നുള്ള ഇന്ത്യയുടെ തീരപ്രദേശം ഏതു പേരിലറിയപ്പെടുന്നു?

(A) കൊങ്കൺ തീരം
(B) മലബാർ തീരം
(C) കോറമാണ്ടൽ തീരം
(D) ഗോവൻ തീരം

18. വിന്ധ്യ-സത്പുര മലനിരകൾക്കിടയിലൂടെ ഒഴുകുന്ന നദിയേത്?

(A) ഗംഗ
(B) നർമ്മദ
(C) മഹാനദി
(D) ഗോദാവരി

19. ഉത്തരായനരേഖ കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?

(A) കേരളം
(B) ഗുജറാത്ത്
(C) ഉത്തരാഖണ്ഡ്
(D) ആസ്സാം

20. കേരളത്തിലെ രണ്ടാമത്തെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ 'അഗസ്ത്യാർകൂടം', ഏത് വന്യജീവി സങ്കേതത്തിൽ സ്ഥിതിചെയ്യുന്നു?

(A) ഇരവികുളം നാഷണൽ പാർക്ക്
(B) പെരിയാർ വന്യജീവി സങ്കേതം
(C) നെയ്യാർ വന്യജീവി സങ്കേതം
(D) ചിന്നാർ വന്യജീവി സങ്കേതം

21. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ പ്രത്യേക നിയോജകമണ്ഡലം എന്ന ആശയത്തെ കുറിച്ചുള്ള ശരിയായ പ്രസ്താവന(കൾ) ഏത്?

(i) ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് ശ്രമത്തിന്റെ ഭാഗമായാണ് പ്രത്യേക നിയോജകമണ്ഡലം എന്ന ആശയം നടപ്പിലാക്കിയത്

(ii) ബി.ആർ. അംബേദ്കർ പ്രത്യേക നിയോജകമണ്ഡലം എന്ന ആശയത്തെ എതിർത്തിരുന്നു

(iii) ഇന്ത്യൻ കൗൺസിൽ ആക്ട്, 1909-ലെ പ്രധാന വ്യവസ്ഥ ആയിരുന്നു മുസ്ലീങ്ങൾക്ക് പ്രത്യേക നിയോജകമണ്ഡലം എന്ന വ്യവസ്ഥ

(A) (i) ഉം (ii) ഉം
(B) (ii) മാത്രം
(C) (i) ഉം (iii) ഉം
(D) (i) ഉം (ii) ഉം (iii) ഉം

22. സിവിൽ നിയമലംഘന പ്രസ്ഥാനം തുടക്കം കുറിച്ചത് ഏത് സമരത്തോടു കൂടിയാണ്?

(A) ക്വിറ്റ് ഇന്ത്യ സമരം (B) ദണ്ഡി മാർച്ച്
(C) ചമ്പാരൻ സമരം (D) സ്വദേശി പ്രസ്ഥാനം

23. ഇന്ത്യയിൽ ജനാധിപത്യം സ്ഥാപിക്കുന്നതിന് വേണ്ടി നടത്തിയ ആദ്യ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന(കൾ) കണ്ടെത്തുക :

(i) സുകുമാർ സെൻ ആയിരുന്നു ആദ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ

(ii) 17 കോടി വോട്ടർമാരായിരുന്നു ഉണ്ടായിരുന്നത്

(iii) ആനുപാതിക പ്രതിനിധ്യ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിലാണ് ലോകസഭയിലേക്കും സംസ്ഥാന നിയമനിർമ്മാണ സഭകളിലേക്കും തെരഞ്ഞെടുപ്പ് നടത്തിയത്

(A) (i) ഉം (ii) ഉം (B) (ii) മാത്രം
(C) (iii) മാത്രം (D) (ii) ഉം (iii) ഉം

24. ഇന്ത്യയിലെ സാമൂഹിക പരിഷ്കാര പ്രസ്ഥാനങ്ങളും സ്ഥാപകരും ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (i) | തിയോസഫിക്കൽ സൊസൈറ്റി | (1) | ആത്മാറാം പാണ്ഡുരംഗ് |
| (ii) | സ്വാഭിമാന പ്രസ്ഥാനം | (2) | വീരേശലിംഗം പന്തലു |
| (iii) | ഹിതകാരിണി സമാജം | (3) | കേണൽ ഓൽകോട്ട് |
| (iv) | പ്രാർത്ഥന സമാജം | (4) | ഇ.വി. രാമസ്വാമി നായ്ക്കർ |

(A) (i)-(1), (ii)-(2), (iii)-(4), (iv)-(3) (B) (i)-(3), (ii)-(4), (iii)-(2), (iv)-(1)
(C) (i)-(2), (ii)-(1), (iii)-(4), (iv)-(3) (D) (i)-(4), (ii)-(3), (iii)-(1), (iv)-(2)

25. 1917-ൽ ഗാന്ധിജി ആരെ പിന്തുണയ്ക്കുന്നതിന് വേണ്ടിയാണ് ഗുജറാത്തിൽ ഖേദ സത്യാഗ്രഹം സംഘടിപ്പിച്ചത്?

(A) തുണിമിൽ തൊഴിലാളികളെ (B) വിദ്യാർത്ഥികളെ
(C) കർഷകരെ (D) വ്യാപാരികളെ

26. ഭാഷ അടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച സംസ്ഥാന പുനഃസംഘടന കമ്മീഷനിലെ അംഗങ്ങൾ :

(i) ഫസൽ അലി

(ii) സർദാർ കെ.എം. പണിക്കർ

(iii) എച്ച്.എൻ. കുൻസ്രു

(A) (i) ഉം (ii) ഉം (B) (i) മാത്രം
(C) (i) ഉം (iii) ഉം (D) (i) ഉം (ii) ഉം (iii) ഉം

27. പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന കണ്ടെത്തുക :

(A) വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുന്ന തന്ത്രമാണ് മഹാലാനോബിസ് സ്വീകരിച്ചത്

(B) അടിസ്ഥാന സൗകര്യ വികസനത്തിന് പൊതുമേഖല ഒരു പ്രധാന പങ്കു വഹിച്ചു

(C) സെമിന്ദാരി സമ്പ്രദായം നിർത്തലാക്കുക എന്നത് ഭൂപരിഷ്കരണ ത്തിന്റെ ഭാഗമായിരുന്നു

(D) സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യ മുതലാളിത്ത സമ്പത്ത് വ്യവസ്ഥയാണ് സ്വീകരിച്ചത്

28. 1947-ൽ ഇന്ത്യൻ യൂണിയന്റെ ഭാഗമാകുന്നതിന് വേണ്ടിയുള്ള ലയന കരാറിൽ ഒപ്പ് വയ്ക്കുവാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങൾ ഏവ?

(A) ഹൈദരാബാദ്, ജുനഗഡ്, കാശ്മീർ

(B) തിരുവിതാംകൂർ, ഗ്വാളിയാർ, മേവാ

(C) ബറോഡ, പാട്ടിയാല, ഹൈദരാബാദ്

(D) ജോധ്പൂർ, കോട്ട, മണിപ്പൂർ

29. വാദം - കാരണം :

വാ : ലിട്ടൻ പ്രഭു നടപ്പിലാക്കിയ നാട്ടുഭാഷ പത്രനിയമത്തെ ഇന്ത്യൻ ജനത എതിർത്തു

കാ : പ്രാദേശിക പത്രങ്ങൾ ദേശീയത വളർത്തുന്നതിൽ പ്രധാന പങ്കു വഹിച്ചിരുന്നു

(A) രണ്ടും ശരിയാണ്, കാരണം വാദത്തെ വിശദീകരിക്കുന്നു

(B) രണ്ടും ശരിയാണ്, കാരണം വാദത്തെ വിശദീകരിക്കുന്നില്ല

(C) വാദം തെറ്റാണ് കാരണം ശരിയാണ്

(D) വാദം ശരിയാണ് കാരണം തെറ്റാണ്

30. ഇന്ത്യ വിഭജനത്തെ സംബന്ധിച്ച ശരിയായ പ്രസ്താവന(കൾ) തെരഞ്ഞെടു ക്കുക :

(i) ദ്വി-രാഷ്ട്ര സിദ്ധാന്തമാണ് ഇന്ത്യ വിഭജനത്തിലേക്ക് നയിച്ചത്

(ii) പാക്കിസ്ഥാൻ രണ്ട് പ്രദേശങ്ങളായാണ് രൂപം കൊണ്ടത്

(iii) പാക്കിസ്ഥാൻ മുസ്ലീം രാഷ്ട്രം ആയപ്പോൾ ഇന്ത്യ ഒരു ഹിന്ദു രാഷ്ട്രമായി മാറി

(A) (i) ഉം (ii) ഉം

(B) (i) മാത്രം

(C) (i) ഉം (iii) ഉം

(D) (i) ഉം (ii) ഉം (iii) ഉം

31. 2025-ലെ ഇന്ത്യയിലെ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള നാനാജി ദേശ്മുഖ് സർവോത്തം പഞ്ചായത്ത് സതത് വികാസ് പുരസ്കാരം നേടിയ ബ്ലോക്ക് പഞ്ചായത്ത് :

(A) പാമ്പാടി
(B) ബാലുശ്ശേരി
(C) ഹരിപ്പാട്
(D) പയ്യന്നൂർ

32. ഇന്ത്യയിലെ ഇപ്പോഴത്തെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ആരാണ്?

(A) രാജീവ് കുമാർ
(B) ഗ്യാനേഷ് കുമാർ
(C) ഡോ. വിവേക് ജോഷി
(D) സുകുമാർ സെൻ

33. 2026-ലെ ഏഷ്യൻ ഗെയിംസിന് വേദിയാകുന്ന രാജ്യം :

(A) ചൈന
(B) ഖത്തർ
(C) ജപ്പാൻ
(D) ഇന്ത്യ

34. കേരള മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക ചിഹ്നം :

(A) മോട്ടു എന്ന സിംഹകുട്ടി
(B) മോട്ടു എന്ന ആനകുട്ടി
(C) മോട്ടു എന്ന മുയൽകുട്ടി
(D) മോട്ടു എന്ന കരടികുട്ടി

35. തിരുവിതാംകൂർ നിയമസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യ വനിത :

(A) ഡോ. മേരി പുന്നൻ ലൂക്കോസ്
(B) റോസമ്മ പുന്നൂസ്
(C) ആനി മസ്ക്രീൻ
(D) ദാക്ഷായണി വേലായുധൻ

36. ചുവടെ തന്നിട്ടുള്ള സംഭവങ്ങളെ കാലഗണന ക്രമത്തിൽ ആക്കുക :

(i) ഗുരുവായൂർ സത്യാഗ്രഹം
(ii) ഈഴവ മെമ്മോറിയൽ
(iii) പാലിയം സത്യാഗ്രഹം
(iv) വൈക്കം സത്യാഗ്രഹം

(A) (ii), (i), (iii), (iv)
(B) (ii), (iv), (i), (iii)
(C) (iii), (ii), (i), (iv)
(D) (iii), (i), (ii), (iv)

37. ആദ്യത്തെ മലയാളപത്രമായ രാജ്യസമാചാരം പ്രസിദ്ധീകരിച്ച സ്ഥലം ഏതാണ്?

(A) ചെറുതുരുത്തി
(B) ഇല്ലിക്കുന്ന്
(C) പയ്യന്നൂർ
(D) കോഴിക്കോട്

38. കേരളത്തിൽ സമത്വ സമാജം സ്ഥാപിച്ചതാര്?

(A) ചട്ടമ്പി സ്വാമികൾ
(B) കുമാരനാശാൻ
(C) സഹോദരൻ അയ്യപ്പൻ
(D) വൈകുണ്ഠ സ്വാമികൾ

39. അയ്യങ്കാളിയുമായി ബന്ധപ്പെട്ട പ്രസ്ഥാവനകൾ അല്ലാത്തത് ഏത്?

(i) 1907-ലെ സാധുജനപരിപാലന സംഘം സ്ഥാപിച്ചു
(ii) "അയ്യാ വഴി" എന്ന ആത്മീയ പ്രസ്ഥാനം സ്ഥാപിച്ചു
(iii) വില്ലുവണ്ടി സമരത്തിന് നേതൃത്വം നൽകി
(iv) ദക്ഷിണേന്ത്യയിലെ ആദ്യത്തെ കണ്ണാടി പ്രതിഷ്ഠ നടത്തി

(A) (i), (ii)
(B) (ii), (iv)
(C) (ii)
(D) (iv)

40. ചികിത്സയ്ക്കും വിശ്രമത്തിനും മറ്റാവശ്യങ്ങൾക്കുമായി രക്ഷിതാക്കളുടെ അഭാവത്തിൽ ഭിന്നശേഷിക്കാർക്ക് അഭയം നൽകാൻ സൗകര്യമൊരുക്കുന്ന കേരള സർക്കാറിന്റെ പദ്ധതിയാണ് :

(A) ജനനി
(B) സല്ലാപം പദ്ധതി
(C) അൻപ് വീട്
(D) ഓപ്പറേഷൻ ഗ്രീൻ സേഫ്

41. കാനഡ ഗവണ്മെന്റിന്റെ സാമ്പത്തിക, സാങ്കേതിക സഹകരണത്തോടെ കേരള ത്തിൽ നിർമ്മിച്ച ജല വൈദ്യുത പദ്ധതി ഏതാണ്?

(A) പള്ളിവാസൽ
(B) ഇടുക്കി
(C) ശെങ്കുളം
(D) പെരിങ്ങൽകുത്ത്

42. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ, കേരളത്തിലെ പറമ്പിക്കുളം വന്യജീവി സങ്കേതത്തെക്കുറിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

(i) തമിഴ്നാട്ടിലൂടെ മാത്രമേ ഇവിടേയ്ക്ക് പ്രവേശന കവാടമുള്ളൂ
(ii) ഇടുക്കി ജില്ലയിലാണ് ഇത് സ്ഥിതിചെയ്യുന്നത്
(iii) കേരളത്തിലെ രണ്ടാമത്തെ കടുവ സംരക്ഷണ കേന്ദ്രമാണിത്
(iv) ഈ വന്യജീവി സങ്കേതത്തിലൂടെ ഒഴുകുന്ന നദിയാണ് പാമ്പാർ

(A) (i), (ii) മാത്രം
(B) (iii), (iv) മാത്രം
(C) (ii), (iv) മാത്രം
(D) (i), (iii) മാത്രം

43. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ (നിഫാം) സ്ഥിതിചെയ്യുന്നത് കേരളത്തിലെ ഏത് പട്ടണത്തിലാണ്?

(A) ആലപ്പുഴ
(B) തിരുവനന്തപുരം
(C) ആലുവ
(D) തൃശ്ശൂർ

44. താഴെ പറയുന്ന പ്രസ്താവനകൾ കേരളത്തിലെ ഏത് നദിയുമായി ബന്ധപ്പെട്ടിട്ടുള്ളവയാണ്?

(i) തമിഴ്നാട്ടിലെ ആനമലയിൽ നിന്നാണ് ഈ നദി ഉത്ഭവിക്കുന്നത്

(ii) കേരളത്തിലെ നദികളിൽ ഏറ്റവും നീളം കൂടിയ നദിയാണിത്

(iii) പ്രശസ്തമായ മാമാങ്കം നടത്തപ്പെട്ടിരുന്നത് ഈ നദിയുടെ തീരത്തായിരുന്നു

(A) പെരിയാർ
(B) ചാലിയാർ
(C) കബനി
(D) ഭാരതപ്പുഴ

45. 2024-ൽ അർജ്ജുന അവാർഡ് കരസ്ഥമാക്കിയ മലയാളി നീന്തൽ താരം ആര്?

(A) എം. ശ്രീശങ്കർ
(B) എച്ച്.എസ്. പ്രണോയ്
(C) സാജൻ പ്രകാശ്
(D) എൽദോസ് പോൾ

46. കേരളത്തിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ വൈക്കം ക്ഷേത്രം ഏത് കായൽ തീരത്താണ് സ്ഥിതിചെയ്യുന്നത്?

(A) വേമ്പനാട്ടു കായൽ
(B) അഷ്ടമുടി കായൽ
(C) ശാസ്താംകോട്ട കായൽ
(D) കായംകുളം കായൽ

47. അതിക്രമത്തിനിരയാവുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി കുടുംബശ്രീ വഴി തുടങ്ങിയ അഭയകേന്ദ്രം ഏത് പേരിൽ അറിയപ്പെടുന്നു?

(A) സ്നേഹിത
(B) പ്രത്യാശ
(C) സ്നേഹസ്പർശം
(D) ആശാഭവൻ

48. താഴെപ്പറയുന്ന പ്രസ്താവനകളിൽ, കേരള സംസ്ഥാന അത്‌ലറ്റിക് അസോസിയേഷനുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവന ഏത്?

(i) 1952 ലാണ് അസോസിഷേയൻ സ്ഥാപിക്കപ്പെട്ടത്

(ii) അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യ (AFI) യുമായി അഫിലിയേറ്റ് ചെയ്താണ് ഇത് പ്രവർത്തിക്കുന്നത്

(iii) ശ്രീമതി മേഴ്സി കുട്ടൻ ആണ് നിലവിലെ അസോസിയേഷൻ പ്രസിഡന്റ്

(iv) കേണൽ ഗോവിന്ദവർമ്മ രാജയായിരുന്നു അസോസിയേഷന്റെ ആദ്യ പ്രസിഡന്റ്

(A) (ii) മാത്രം
(B) (iv) മാത്രം
(C) (i) മാത്രം
(D) (iii) മാത്രം

49. താഴെ കൊടുത്തിരിക്കുന്ന ജലസേചന പദ്ധതികൾ അവ സ്ഥിതിചെയ്യുന്ന ജില്ല എന്നിവ ശരിയായ രീതിയിൽ ക്രമീകരിക്കുക :

| | | | |
|---|---|---|---|
| (i) | കാരാപ്പുഴ | (1) | തൃശ്ശൂർ |
| (ii) | പോത്തുണ്ടി | (2) | ഇടുക്കി |
| (iii) | ചിമ്മിണി | (3) | വയനാട് |
| (iv) | പെരിയാർ | (4) | പാലക്കാട് |

(A) (i)-(2), (ii)-(4), (iii)-(1), (iv)-(3)
(B) (i)-(3), (ii)-(4), (iii)-(1), (iv)-(2)
(C) (i)-(3), (ii)-(1), (iii)-(2), (iv)-(4)
(D) (i)-(4), (ii)-(2), (iii)-(3), (iv)-(1)

50. "പച്ചയാം വിരിപ്പിട്ട സഹ്യാദ്രിതൻ മടിയിൽ
തല വെച്ചും, വെൺമണൽ മെത്തമേൽ
കാൽനീട്ടിയും കിടക്കുന്ന കേരളമേ"
കേരളത്തിന്റെ പ്രകൃതിയെക്കുറിക്കുന്ന ഈ വരികൾ എഴുതിയതാര്?

(A) ഉള്ളൂർ എസ്. പരമേശ്വരയ്യർ
(B) ജി. ശങ്കരക്കുറുപ്പ്
(C) വള്ളത്തോൾ നാരായണ മേനോൻ
(D) ഒ.എൻ.വി. കുറുപ്പ്

51. 'മലബാർ ഗോഖലേ' എന്ന പേരിൽ അറിയപ്പെട്ടത് ഇവരിൽ ആരാണ്?

(A) വി. കരുണാകരൻ നായർ
(B) മങ്കട കൃഷ്ണവർമ്മ രാജ
(C) മഞ്ചേരി രാമയ്യർ
(D) രാമകൃഷ്ണ പിള്ള

52. ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകൻ :

(A) മാർത്താണ്ഡവർമ്മ
(B) ശക്തൻ തമ്പുരാൻ
(C) പഴശ്ശിരാജ
(D) സ്വാതി തിരുനാൾ

53. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് സവർണ്ണജാഥ സംഘടിപ്പിച്ചത് ഇവരിൽ ആര്?

(A) എ.കെ. ഗോപാലൻ
(B) കെ. കേളപ്പൻ
(C) മന്നത്ത് പത്മനാഭൻ
(D) സി.പി. കുഞ്ഞിരാമൻ

54. കേരളത്തിൽ ഉപ്പു സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് ഇവരിൽ ആരാണ്?

(A) ടി.കെ. മാധവൻ
(B) കെ.പി. കേശവമേനോൻ
(C) പി. കൃഷ്ണപിള്ള
(D) കെ. കേളപ്പൻ

55. കുണ്ടറ വിളംബരം നടന്ന വർഷം :

(A) 1808
(B) 1809
(C) 1810
(D) 1811

56. താഴെപ്പറയുന്നവയിൽ അയ്യങ്കാളിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏത്?

(i) കല്ലുമാല സമരത്തിന് നേതൃത്വം നൽകി
(ii) പിടിയരി സമ്പ്രദായം നടപ്പിലാക്കി
(iii) സഞ്ചാര സ്വാതന്ത്ര്യത്തിനും വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനും വേണ്ടി നില കൊണ്ടു
(iv) തിരുവിതാംകൂറിൽ ആദ്യത്തെ കർഷക തൊഴിലാളി സമരം 1913-ൽ സംഘടിപ്പിച്ചു

(A) (i), (ii)
(B) (i), (iii), (iv)
(C) (iii), (iv)
(D) ഇവയെല്ലാം

57. ക്വിറ്റ് ഇന്ത്യാ സമരവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന പ്രധാനപ്പെട്ട സംഭവം :

(A) വാഗൺ ട്രാജഡി
(B) കീഴരിയൂർ ബോംബ് കേസ്
(C) പുന്നപ്ര വയലാർ സമരം
(D) കയ്യൂർ കലാപം

58. ആദിഭാഷ എന്ന കൃതി രചിച്ചത് ആര്?

(A) വൈകുണ്ഠ സ്വാമികൾ
(B) ശങ്കരാചാര്യർ
(C) ചട്ടമ്പി സ്വാമികൾ
(D) വാഗ്ഭടാനന്ദൻ

59. കേരള സംസ്ഥാനം നിലവിൽ വന്ന വർഷം :

(A) 1955
(B) 1956
(C) 1957
(D) 1958

60. ആരുടെ ആത്മകഥയാണ് കണ്ണീരും കിനാവും?

(A) വി.ടി. ഭട്ടതിരിപ്പാട്
(B) സഹോദരൻ അയ്യപ്പൻ
(C) സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള
(D) കുമാരനാശാൻ

61. വിറ്റാമിൻ A യുടെ അഭാവം മൂലമുണ്ടാകുന്ന രോഗം :

(A) കണ
(B) സ്കർവി
(C) നിശാന്ധത
(D) ബെറിബെറി

62. പരിശീലനം സിദ്ധിച്ച കുടുംബശ്രീ വോളണ്ടിയർമാർ വീടുകൾ സന്ദർശിച്ച് ജീവിതശൈലി രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ തുടങ്ങിയവ പരിശോധിക്കുന്ന പദ്ധതി :

(A) ഹർഷം (B) സാന്ത്വനം
(C) പ്രത്യാശ (D) ആർദ്രം

63. ചെറുകുടലിൽ നിന്ന് രക്തത്തിലേക്ക് ആഗിരണം ചെയ്യപ്പെടുന്ന പോഷക ഘടകങ്ങളെ കരളിൽ എത്തിക്കുന്ന സിര :

(A) ഹെപ്പാറ്റിക് പോർട്ടൽ സിര (B) റീനൽ പോർട്ടൽ സിര
(C) അധോ മഹാസിര (D) ഊർദ്ധ്വ മഹാസിര

64. വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ നിന്നും മാറ്റി സുരക്ഷിതമായ സ്ഥലങ്ങളിൽ സംരക്ഷിക്കുന്ന രീതിയ്ക്ക് ഉദാഹരണം :

(A) ബയോസ്ഫിയർ റിസർവ്വ് (B) വന്യജീവി സങ്കേതം
(C) ദേശീയ ഉദ്യാനം (D) ബൊട്ടാണിക്കൽ ഗാർഡൻ

65. ക്ഷയരോഗത്തിന് കാരണമായ രോഗകാരി :

(A) മൈകോബാക്ടീരിയം ട്യൂബർക്കുലോസിസ്
(B) റൈനോ വൈറസ്
(C) അഡിനോ വൈറസ്
(D) പ്ലാസ്മോഡിയം

66. ഹൃദയസ്പന്ദനം, ശ്വാസോച്ഛ്വാസം, ചുമ, തുമ്മൽ മുതലായ അനൈച്ഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന തലച്ചോറിന്റെ ഭാഗം :

(A) സെറിബ്രം (B) തലാമസ്
(C) മെഡുല ഒബ്ലോംഗേറ്റ (D) സെറിബെല്ലം

67. ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഡിസബിലിറ്റി ബാധിതരുടെ അമ്മമാർക്ക് ഉപജീവനമാർഗ്ഗം ഉറപ്പാക്കാനായി ഇലക്ട്രിക് ഓട്ടോ നൽകുന്ന പദ്ധതി :

(A) മാതൃജ്യോതി (B) സ്നേഹയാനം
(C) കനൽ (D) നിഴൽ

68. സുന്ദർലാൽ ബഹുഗുണയുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രസ്ഥാനം :

(A) ബിഷ്ണോയി പ്രസ്ഥാനം (B) ജംഗിൾ ബച്ചാവോ ആന്ദോളൻ
(C) സൈലന്റ് വാലി പ്രസ്ഥാനം (D) ചിപ്കോ പ്രസ്ഥാനം

69. ഭൗമസൂചിക പദവി ലഭിച്ച ഒരു കാർഷിക ഉൽപന്നം :

(A) പാലക്കാടൻ മട്ട അരി
(B) നീല കാച്ചിൽ
(C) മൂവാണ്ടൻ മാങ്ങ
(D) പന്നിയൂർ 1 കുരുമുളക്

70. തീരപ്രദേശങ്ങളിൽ കാണപ്പെടുന്ന സവിശേഷമായ ആവാസവ്യവസ്ഥ :

(A) ചോല വനങ്ങൾ
(B) കണ്ടൽ വനങ്ങൾ
(C) നിത്യഹരിത വനങ്ങൾ
(D) ഇലപൊഴിയും വനങ്ങൾ

71. സിങ്കിന്റെ അയിര് അല്ലാത്തത് ഏത്?

(A) സിങ്കൈറ്റ്
(B) സ്ഫാലൈറ്റ്
(C) കലാമിൻ
(D) സിഡറൈറ്റ്

72. ഹൈഡ്രജന്റെ ഐസോടോപ്പുകളിൽ റേഡിയോആക്ടീവ് ആയത് ഏത്?

(A) പ്രോട്ടിയം
(B) ഡ്യൂട്ടീരിയം
(C) ട്രിഷിയം
(D) ഇവ ഒന്നും അല്ല

73. 'വാട്ടർ ഗ്യാസ്' എന്തിന്റെയൊക്കെ മിശ്രിതമാണ്?

(A) CO ന്റെയും $H_2$ ന്റെയും മിശ്രിതം
(B) $C_2$ ന്റെയും $H_2$ ന്റെയും മിശ്രിതം
(C) C ന്റെയും $O_2$ ന്റെയും മിശ്രിതം
(D) CO ന്റെയും $H_2O$ ന്റെയും മിശ്രിതം

74. പ്രമേഹ രോഗികൾക്കു വേണ്ടിയുള്ള പലഹാരങ്ങളിൽ മധുരം ഉണ്ടാകുന്നതിനു വേണ്ടി ഉപയോഗിക്കുന്ന രാസവസ്തുവിന്റെ പേരെന്ത്?

(A) സുക്രാലോസ്
(B) അസ്പാർടേം
(C) സാക്കറിൻ
(D) അലിടേം

75. രാത്രിയിൽ പടക്കം പൊട്ടുമ്പോൾ ഉണ്ടായ വെളിച്ചം കണ്ട് 2 സെക്കന്റിന് ശേഷം അതിന്റെ ശബ്ദം കേട്ടു എങ്കിൽ സ്ഫോടനം നടന്നത് എത്ര അകലത്തിലായിരിക്കും? (ശബ്ദവേഗം - 350 m/s)

(A) 800 m
(B) 700 m
(C) 1000 m
(D) 1050 m

76. ഫാരൻഹീറ്റ് താപനിലയും സെൽഷ്യസ് താപനിലയും ഒരേ അളവ് കാണിക്കുന്നത് ഏത് ഊഷ്മാവിലാണ്?

(A) 40°
(B) – 40°
(C) 32°
(D) – 32°

77. താഴെ തന്നിരിക്കുന്നവയിൽ സംരക്ഷിത ബലങ്ങൾ ഏവ?

(i) ഗുരുത്വാകർഷണ ബലം

(ii) ഘർഷണ ബലം

(iii) വിസ്കസ് ബലം

(iv) സ്ഥിത വൈദ്യുതി ബലം

(A) (i), (ii)
(B) (ii), (iii)
(C) (iii), (iv)
(D) (i), (iv)

78. ഹൈഡ്രജൻ ആറ്റത്തിന്റെ ഇലക്ട്രോണിന്റെ ഒന്നാമത്തെ ഉത്തേജകാവസ്ഥയിലെ ഊർജ്ജവും രണ്ടാമത്തെ ഉത്തേജകാവസ്ഥയിലെ ഊർജ്ജവും തമ്മിലുള്ള അനുപാതം എത്ര?

(A) $\frac{1}{4}$
(B) $\frac{4}{9}$
(C) $\frac{9}{4}$
(D) 4

79. ഭൂമിക്കു ചുറ്റുമുള്ള ചന്ദ്രന്റെ ഭ്രമണപഥം കൃത്യമായ വൃത്താകാരമാണെങ്കിൽ ഭൂമിയുടെ ഗുരുത്വാകർഷണബലം ചന്ദ്രനിൽ ചെയ്യുന്ന പ്രവൃത്തി :

(A) പോസിറ്റീവ് പ്രവൃത്തി

(B) നെഗറ്റീവ് പ്രവൃത്തി

(C) ഒരു പ്രവൃത്തിയും ചെയ്യുന്നില്ല

(D) പരമാവധി പ്രവൃത്തി ചെയ്യുന്നു

80. താഴെ തന്നിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന തിരഞ്ഞെടുക്കുക :

(A) ഒരു വസ്തുവിൽ ഘർഷണബലം പ്രയോഗിച്ചാൽ അതിന്റെ ഗതികോർജ്ജം കുറയാൻ സാധ്യത ഉണ്ട്

(B) ഘർഷണം വഴി ചെയ്യുന്ന പ്രവൃത്തി എപ്പോഴും നെഗറ്റീവ് ആണ്

(C) ഘർഷണം ഉണ്ടാകുന്നത് വൈദ്യുത കാന്തികബലത്തിൽ നിന്നാണ്

(D) സ്ഥിത ഘർഷണത്തിന്റെ പരമാവധി വില $\mu$N ആണ്; ഇവിടെ $\mu$ എന്നത് സ്ഥിത ഘർഷണ ഗുണാങ്കവും, N എന്നത് ലംബമായ പ്രതിപ്രവർത്തനവുമാണ്

81. $\left(1-\frac{1}{2}\right)\times\left(1-\frac{1}{3}\right)\times\left(1-\frac{1}{4}\right)\times \ldots\ldots \times\left(1-\frac{1}{100}\right)=$

(A) $\frac{1}{100}$ (B) $\frac{99}{100}$

(C) $\frac{1}{50}$ (D) $\frac{1}{2}$

82. $\left(\sqrt{x}-1\right)\left(\sqrt{x}+1\right)=3$ ആയാൽ '$x$' ന്റെ വില എത്ര?

(A) 9 (B) 16

(C) 2 (D) 4

83. രണ്ട് സംഖ്യകളുടെ ലസാഗു 240, ഉസാഘ 4 ആണ്. ഒന്നാമത്തെ സംഖ്യ 16 ആണെങ്കിൽ രണ്ടാമത്തെ സംഖ്യ എത്ര?

(A) 15 (B) 30

(C) 60 (D) 64

84. ഒരു കടക്കാരൻ ഒരു സാധനം 20% നഷ്ടത്തിൽ വിറ്റു. 60 രൂപ കൂട്ടി വിറ്റിരുന്നുവെങ്കിൽ 5% ലാഭം കിട്ടുമായിരുന്നു. എങ്കിൽ വാങ്ങിയ വില എത്ര?

(A) 300 (B) 250

(C) 200 (D) 240

85. $\sqrt{0.09}+\sqrt{0.81}+\sqrt{1.44}$ എത്ര?

(A) 2.4 (B) 2.1

(C) 2.7 (D) 3

86. $(1.25)^2-(0.75)^2$ ന്റെ വില എത്ര?

(A) 0.5 (B) 1

(C) 1.5 (D) 2

87. 392 നെ ഏറ്റവും ചെറിയ ഏത് സംഖ്യ കൊണ്ട് ഗുണിച്ചാൽ പൂർണ്ണവർഗ്ഗം ലഭിക്കും?

(A) 7 (B) 3

(C) 2 (D) 4

88. $(45-5)\div 2\times 4-2$ ന്റെ വില :

(A) 3 (B) 10
(C) 78 (D) 40

89. $1-\dfrac{1}{1+\dfrac{1}{2}}$ ന്റെ വ്യുൽക്രമം എത്ര?

(A) $\frac{1}{3}$ (B) $\frac{2}{3}$
(C) $\frac{3}{2}$ (D) 3

90. 20 സംഖ്യകളുടെ ശരാശരി 35 ആണ്. ആദ്യത്തെ 10 സംഖ്യകളിൽ ഓരോന്നിനോടും 5 കൂട്ടി. അടുത്ത 10 സംഖ്യകളിൽ ഓരോന്നിനോടും 3 കുറച്ചാൽ പുതിയ ശരാശരി എത്ര?

(A) 35 (B) 36
(C) 34 (D) 37

91. 4, 9, 8, 18, 12, 27, 16, .... എന്ന ശ്രേണിയുടെ 21-ാമത്തെ പദം :

(A) 44 (B) 99
(C) 56 (D) 171

92. അഭാജ്യസംഖ്യ അല്ലാത്തത് ഏത്?

(A) 13 (B) 17
(C) 21 (D) 19

93. $\dfrac{2(2x+3)}{3}+10=2(x-2)$ ആയാൽ $x$ ന്റെ വില :

(A) 48 (B) 24
(C) 42 (D) ഇതൊന്നുമല്ല

94. തുടർച്ചയായ മൂന്ന് ഇരട്ടസംഖ്യകളുടെ തുക ആദ്യ സംഖ്യയേക്കാൾ 30 കൂടുതൽ ആണെങ്കിൽ മൂന്നാമത്തെ സംഖ്യ ഏത്?

(A) 16 (B) 12
(C) 10 (D) 14

95. 2 ഉം 3 ഉം പരസ്പരം മാറ്റുക, 4 ഉം 6 ഉം പരസ്പരം മാറ്റുക ആണെങ്കിൽ $3^2 + 4 \div 2 - 3 \times 6 =$

(A) 18 (B) 32
(C) 48 (D) 2

96. 132 : 156 : : 90 : ————

(A) 110 (B) 190
(C) 120 (D) 180

97. A യുടെയും B യുടെയും ഇപ്പോഴത്തെ വയസ്സുകളുടെ അംശബന്ധം 3 : 5, ആറു വർഷം കഴിയുമ്പോൾ അംശബന്ധം 5 : 7 ആകും. A യുടെ ഇപ്പോഴത്തെ വയസ്സ് എത്ര?

(A) 15 (B) 9
(C) 21 (D) 12

98. ഒരു നിരയിൽ P ഇടത്തുനിന്ന് 23-ാമത് ആണ്, Q വലത്തുനിന്ന് 18-ാമതാണ്. അവർ സ്ഥാനങ്ങൾ പരസ്പരം മാറ്റിയപ്പോൾ P ഇടത്തുനിന്ന് 32-ാമതായി. ആ നിരയിൽ ആകെ എത്ര പേർ ഉണ്ട്?

(A) 51 (B) 48
(C) 50 (D) 49

99. താഴെ നൽകിയിരിക്കുന്നവ ശരിയായ ക്രമത്തിൽ ക്രമീകരിക്കുക :

(i) രോഗമുക്തി
(ii) ചികിത്സ
(iii) രോഗം
(iv) പരിശോധന
(v) ഡോക്ടർ

(A) (v), (iii), (iv), (ii), (i) (B) (iii), (iv), (v), (ii), (i)
(C) (iii), (v), (iv), (ii), (i) (D) (iii), (v), (ii), (iv), (i)

100. $\frac{\left(\sqrt{784} \times 4^3\right)}{7 \times 2^3} =$

(A) 8 (B) 32
(C) 6 (D) 24

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**